കേരളീയം, കൊക്കാലെ, തൃശൂർ-680021
e-mail: mailkeraleeyam@gmail.com, 0487 2421385

# വധശിക്ഷ നിർത്തലാക്കുക

2015 ജൂലായ് 30 ഇന്ത്യൻ ജനാധിപത്യത്തിന്റെ ചരിത്രത്തിലെ ഒരു കറുത്ത ദിനമായിരിക്കും. മുംബെ സ്ഫോടനക്കേസിലെ മാപ്പുസാക്ഷിയായി, കേസന്വേഷണത്തോടും നീതിന്യായ വ്യവസ്ഥയോടും എല്ലാ സഹകരണവും കാട്ടിയെന്ന് ഇന്റെലിജെൻസ് മേധാവി തന്നെ സാക്ഷ്യപ്പെടുത്തിയ യാക്കൂബ് മേമൻ എന്ന പ്രതിയുടെ വധശിക്ഷ ജീവപര്യന്തമായി ഇളവ് ചെയ്യാൻ എല്ലാ സാധ്യതകളുമുണ്ടായിട്ടും, അത് ചെയ്യാതെ മുൻകൂട്ടി നിശ്ചയിച്ച ദിവസം തന്നെ തൂക്കിക്കൊല നടത്താൻ അമിതമായ ആവേശവും തിടുക്കവും കാട്ടിയ ഭരണഘടനാ സ്ഥാപനങ്ങൾ ജനാധിപത്യത്തിന്റെ ഉയർന്ന മൂല്യങ്ങളെയാണ് കശാപ്പുചെയ്തത്.

വധശിക്ഷയ്ക്കെതിരെ ലോകമെമ്പാടും ഇന്ത്യയിലും മനുഷ്യസ്നേഹികളുടെ പക്ഷത്തുനിന്നും ഉയർന്നുവരുന്ന ന്യായമായ പ്രതിഷേധങ്ങളെ മുഴുവൻ തൃണവൽഗണിച്ചുകൊണ്ടാണ് ഈ വധശിക്ഷ നടന്നത്. ഉയർന്ന നിയമജ്ഞരും സാമൂഹ്യപ്രവർത്തകരും രാഷ്ട്രീയ പ്രവർത്തകരുമെല്ലാം ഒറ്റക്കെട്ടായി രാഷ്ട്രപതിയോട് ശിക്ഷ ഇളവ് ചെയ്യാൻ അപേക്ഷിച്ചിട്ടും ജീവൻ രക്ഷിക്കാനുള്ള 72-ാം വകുപ്പുപ്രകാരമുള്ള തന്റെ ഭരണഘടനാദത്തമായ അധികാരം അദ്ദേഹം വിനിയോഗിച്ചില്ല. ദയാഹർജി തള്ളാൻ സമ്മർദം ചെലുത്താൻ വേണ്ടി ഇന്ത്യയുടെ ആഭ്യന്തരമന്ത്രി തന്നെ രാഷ്ട്രപതിഭവനിൽ ചെന്ന് ഏതാണ്ട് മൂന്നു മണിക്കൂർ ചെലവഴിച്ചത് ഇന്ത്യയിൽ തന്നെ ആദ്യവും അപൂർവങ്ങളിൽ അപൂർവ്വവുമാണ്.

മുൻ രാഷ്ട്രപതിയുടെ മരണത്തിലുള്ള ദുഃഖാചരണം പോലും അവഗണിച്ചുകൊണ്ട് പദ്ധതിയനുസരിച്ച് മുൻകൂട്ടി നിശ്ചയിച്ച ദിവസം തന്നെ നിസ്സഹായനായ ഒരു തടവുകാരനെ, ഒരു വിട്ടുവീഴ്ചയുമില്ലാതെ തൂക്കിക്കൊല്ലാനായി അർദ്ധരാത്രി കോടതി ചേർന്ന സംഭവവും അഭൂതപൂർവമാണ്. ഒരാളുടെ ജീവൻ രക്ഷിക്കാനാണ് ഇവരൊക്കെ ഇത്രയധികം പാടുപെട്ടതെങ്കിൽ അത് മഹത്തായ ഒരു കീഴ്‌വഴക്കമായേനെ.

ലോകജനതയുടെ മുമ്പിൽ ഇന്ത്യൻ ജനാധിപത്യത്തിന്റെ അന്തസ്സും അഭിമാനവും ഉയരുമായിരുന്ന ഒരവസരമാണ് പ്രതികാരത്തിനായി മുറവിളി കൂട്ടുന്ന ഏതാനും കപടരാജ്യസ്നേഹികളും അവർക്ക് ഓശാന പാടുന്ന അധികൃതരും ചേർന്ന് കളഞ്ഞുകുളിച്ചത്. വധശിക്ഷ എന്ന ക്രൂരവും, പ്രാകൃതവും തിരുത്താൻ കഴിയാത്തതുമായ ഏർപ്പാട് എന്നെന്നേക്കുമായി അവസാനിപ്പിക്കേണ്ടത് അടിയന്തര പ്രാധാന്യമുള്ള ഒരു കാര്യമാണെന്ന് സാമൂഹ്യബോധമുള്ള എല്ലാമനുഷ്യരെയും ഒരിക്കൽ കൂടി ഓർമിപ്പിച്ച സംഭവമായിരുന്നു ഇത്. ചെയ്ത കുറ്റത്തിന്റെ ഗൗരവം എന്തുതന്നെയായാലും ജാതി, മതം വർഗം, ദേശീയത,കക്ഷി രാഷ്ട്രീയം തുടങ്ങിയ ഏതെങ്കിലും സങ്കുചിത പരിഗണനകൾക്ക് വഴങ്ങി, ആർക്കെതിരായും എവിടെയും ഇനി പ്രയോഗിക്കാൻ സാദ്ധ്യമല്ലാത്ത വിധത്തിൽവധശിക്ഷ റദ്ദുചെയ്യുവാൻ സർക്കാരിനുമേൽ ശക്തമായ ജനകീയ സമ്മർദ്ദം ഉയരണം. നിഷ്പക്ഷമായി നിയമം നടപ്പിലാക്കുക മാത്രമാണ് തങ്ങൾ ചെയ്യുന്നതെന്ന ഭരണാധികാരികളുടെ നാട്യം ജനകീയ ഇടപെടലിലൂടെ മാത്രമേ അവസാനിപ്പിക്കാൻ കഴിയൂ.

നീതി നടപ്പിലാക്കേണ്ടത് ആരുടെയും ജീവിതം അപഹരിച്ചുകൊണ്ടല്ല എന്ന സാമാന്യ നീതിബോധവും ധാർമികതയും ഇനിയെങ്കിലും നമ്മുടെ ജനാധിപത്യം ആർജിക്കേണ്ടതുണ്ട്; മനുഷ്യാവകാശങ്ങളും മൗലിക സ്വാതന്ത്ര്യവും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ഇതിനുള്ള ജനകീയ അഭിലാഷത്തെ ഉത്തേജിപ്പിക്കുന്ന പ്രതികരണമാണ് ഇപ്രാവശ്യത്തെ വധശിക്ഷയെതുടർന്ന് രാജ്യത്ത് വ്യാപകമായി ഉയരുന്നത് എന്നതും നിഗൂഢ വർഗ്ഗീയ അജണ്ടകളെ പൗരബോധമുള്ള ജനങ്ങൾ തിരസ്കരിക്കുന്നു എന്നതും പ്രതീക്ഷയ്ക്ക് വകനൽകുന്നു.

**കെ. രാമചന്ദ്രൻ, അന്നൂർ, പയ്യന്നൂർ**

Youth Dialogue Biennial Get Together
SOCIALISM TODAY
Payyanur
സോഷ്യലിസം ഇന്ന്
പരിസ്ഥിതിക്കും നീതിക്കും മതേതര മാനവികതയ്ക്കും വേണ്ടി നിലകൊള്ളുന്ന യുവജന കൂട്ടായ്മയായ യൂത്ത് ഡയലോഗിന്റെ രണ്ടാമത് സംസ്ഥാനതല സംഗമം.
2015 ആഗസ്റ്റ് 22 മുതൽ 24 വരെ
പയ്യന്നൂർ ഗവ. ബോയ്സ് ഹൈസ്കൂളിൽ
ഉദ്ഘാടനം: ഫെലിക്സ് പാഡൽ
യുവജനങ്ങളുടെ പ്രബന്ധാവതരണങ്ങൾ. സാമൂഹിക-രാഷ്ട്രീയ രംഗത്തെ പ്രമുഖരുടെ പ്രതികരണങ്ങൾ. സാംസ്കാരിക പരിപാടികൾ
ബന്ധങ്ങൾക്ക്: 09947035270

കേരളീയം വരിസംഖ്യ
അയയ്ക്കുമല്ലോ...
വാർഷിക വരിസംഖ്യ (12 ലക്കം) :
ഇന്ത്യയിൽ : 300 രൂപ, സ്ഥാപനങ്ങൾക്ക് : 600 രൂപ
വിദേശത്തേക്ക് : 1200 രൂപ. കൂട്ടായ്മ അംഗത്വം :
10,000 രൂപ. ആജീവനാന്ത വരിസംഖ്യ
വിദേശത്തേക്ക് : 8000 രൂപ. ഇന്ത്യയിൽ : 6000 രൂപ.
കത്തുകൾ, വാർത്തകൾ, വിശകലനങ്ങൾ, സംഭാവന, പരസ്യങ്ങൾ എന്നിവയും പ്രതീക്ഷിക്കുന്നു.
ബന്ധങ്ങൾക്ക് :
കേരളീയം, കൊക്കാലെ, തൃശൂർ-680021
ഫോൺ : 0487 2421385, 9446576943